**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6028** **19-11-2019-ൽ മറുപടിക്ക്**

**ടൂറിസം ഇൻഫർമേഷൻ സെന്ററുകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഡി.കെ. മുരളി | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എവിടെയെല്ലാം ടൂറിസം ഇൻഫർമേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; | (എ) | നിലവിൽ സംസ്ഥാനത്ത് താഴെപ്പറയുന്ന സ്ഥലങ്ങളിൽ ടൂറിസ്റ്റ് ഇൻഫർമേഷൻ കൗണ്ടറുകൾ പ്രവർത്തിക്കുന്നു.<br>1. ആലപ്പുഴ ജില്ലാ ഓഫീസ്<br>2. കോഴിക്കോട് ഡൊമസ്റ്റിക് എയർ പോർട്ട് ടെർമിനൽ<br>3. കോഴിക്കോട് ഇന്റർനാഷണൽ എയർ പോർട്ട് ടെർമിനൽ<br>4. കോഴിക്കോട് റെയിൽവേ സ്റ്റേഷൻ<br>5. ബോട്ട് ജെട്ടി, എറണാകുളം<br>6. ഫോർട്ട്കൊച്ചി , എറണാകുളം<br>7. കൊച്ചി ഡൊമസ്റ്റിക് എയർ പോർട്ട് ടെർമിനൽ<br>8. കൊച്ചി ഇന്റർനാഷണൽ എയർ പോർട്ട് ടെർമിനൽ<br>9. ഡയറക്ടറേറ്റ് ഓഫ് ടൂറിസം, തിരുവനന്തപുരം |

| | | | |
|---|---|---|---|
| | | | 10. കണ്ണൂർ ഡൊമസ്റ്റിക് എയർ പോർട്ട് ടെർമിനൽ<br>11. കണ്ണൂർ ഇന്റർനാഷണൽ എയർ പോർട്ട് ടെർമിനൽ<br>12. കൊല്ലം ജില്ലാ ഓഫീസ്<br>13. കോട്ടയം ജില്ലാ ഓഫീസ്<br>14. കുമളി ജില്ലാ ഓഫീസ്<br>15. മലപ്പുറം ജില്ലാ ഓഫീസ്<br>16. മൂന്നാർ<br>17. പാലക്കാട് ജില്ലാ ഓഫീസ്<br>18. പത്തനംതിട്ട ജില്ലാ ഓഫീസ്<br>19. തിരുവനന്തപുരം കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷൻ<br>20. തിരുവനന്തപുരം ഡൊമസ്റ്റിക് എയർ പോർട്ട് ടെർമിനൽ<br>21. തിരുവനന്തപുരം ഇന്റർനാഷണൽ എയർ പോർട്ട് ടെർമിനൽ<br>22. തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻ<br>23. വർക്കല റെയിൽവേ സ്റ്റേഷൻ<br>24. വയനാട് ജില്ലാ ഓഫീസ് |
| (ബി) | പ്രസ്തുത സെന്ററുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ടോയെന്ന വിവരം ലഭ്യമാക്കാമോ; | (ബി) | എല്ലായിടത്തും 24 മണിക്കൂർ ഇൻഫർമേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നില്ല. നിലവിൽ ടൂറിസം വകുപ്പിന് കീഴിൽ കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ടെർമിനൽ, തിരുവനന്തപുരം ഇന്റർനാഷണൽ എയർ പോർട്ട് ടെർമിനൽ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഇൻഫർമേഷൻ സെന്ററുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നവയാണ്. |

| | | | |
|---|---|---|---|
| (സി) | ഇല്ലെങ്കിൽ 24 മണിക്കൂറും പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (സി) | 24 മണിക്കൂറും പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയുള്ള സെന്ററുകൾ അപ്രകാരം പ്രവർത്തിക്കുന്നുണ്ട്. എല്ലാ സെന്ററുകളും 24 മണിക്കൂറും പ്രവർത്തിക്കേണ്ടതായ സാഹചര്യം നിലവിലില്ല. |
| (ഡി) | മുൻകൂട്ടി ആസൂത്രണമില്ലാതെ അപ്രതീക്ഷിതമായി എത്തിച്ചേരുന്ന വിനോദസഞ്ചാരികൾക്ക് പ്രയോജനപ്രദമാകുന്ന രീതിയിൽ എല്ലാ ജില്ലാ ആസ്ഥാനത്തും ഇൻഫർമേഷൻ സെന്ററുകൾ 24 മണിക്കൂറും പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | 24 മണിക്കൂറും പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ഉണ്ടെന്ന് ബോധ്യപ്പെടുന്ന ഇടങ്ങളിൽ 24 മണിക്കൂറും ഇൻഫർമേഷൻ കൗണ്ടറുകൾ പ്രവർത്തിപ്പിക്കുന്നതിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**